മലയാറ്റൂർ വനത്തിൽ ഒരു നേച്ചർ പാർക്കും സ്ഥാപിക്കാനും രണ്ടിടത്തും മുഖ്യ വൃക്ഷങ്ങളെ നട്ടുവളർത്തി പോഷിപ്പിക്കാനും നടപടികളെടുത്തു. വീട്ടി, കരിന്താളി (എബണി), വെള്ളകിൽ, ചെങ്കുറിഞ്ഞി എന്നീ നാലു മരങ്ങളുടെ സംരക്ഷണത്തിനും വർദ്ധിത പുനരുൽപാദത്തിനും വേണ്ടി "പ്രോജക്ട് റോസ്വുഡ്" എന്ന പ്രത്യേക പദ്ധതി 1991-1992 മുതൽ നടപ്പാക്കുന്നു.

(ബി) 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമം അനുസരിച്ച് ചന്ദനം മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കാലിമേച്ചിൽ, കാട്ടുതീ ഇവയ്ക്കെതിരെയുള്ള സംരക്ഷണം, അനധികൃത മരംമുറി തടയുവാനുള്ള പരിപാടികൾ, ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങളിൽക്കൂടി തൈകളുടെ സംഖ്യാവർദ്ധന എന്നീ നടപടികളിൽക്കൂടി സംരക്ഷണം ഉറപ്പുവരുത്തുന്നു.

(സി) മൂന്നാർ ഡിവിഷനിലെ മറയൂർ റെയിഞ്ചിൽ.

(ഡി) 1988-ൽ 1,03,74,812 രൂപയ്ക്കും 1990-ൽ 69,80,985 രൂപയ്ക്കും ചന്ദനത്തടി വിറ്റിട്ടുണ്ട്. 1989-ൽ ചന്ദന വിൽപ്പന ഉണ്ടായിരുന്നില്ല.

നടപ്പുവർഷം തേക്കുവർഷമായി ആചരിക്കുവാൻ നടപടി

64. [2363] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
,, എ. ജെ. സഖറിയ :
,, ഇ. അഹമ്മദ് :
,, നാലകത്തു സൂപ്പി :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നടപ്പുവർഷം തേക്കുവർഷമായി ആചരിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) കേരളത്തിൽ പുതുതായി തേക്കു വച്ചുപിടിപ്പിക്കുവാൻ യോജിച്ച സ്ഥലം എവിടെയൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(സി) നടപ്പുവർഷത്തിൽ എത്ര ഏക്കർ സ്ഥലത്തു തേക്കുകൃഷി ചെയ്യുവാൻ ഉദ്ദേശമുണ്ട് ;

(ഡി) എത്ര തൈ ആകെ വച്ചുപിടിപ്പിക്കുവാനുദ്ദേശിക്കുന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുതായി സ്ഥലങ്ങൾ തെരഞ്ഞെടുത്ത് തേക്കു വച്ചുപിടിപ്പിക്കാൻ ഉദ്ദേശമില്ല.

(സി) പുതിയതായി ഒരിടത്തും കൃഷി ചെയ്യാനുദ്ദേശമില്ല. നിലവിലുള്ള തേക്കുതോട്ടങ്ങളിൽ മൂപ്പെത്തിയ മരം മുറിച്ച സ്ഥാനത്ത് പകരം തേക്കു കൃഷി ചെയ്യാനുദ്ദേശമുണ്ട്. 1990-91 വർഷത്തിൽ 312.09 ഹെക്ടറിലും 1991-92-ൽ 375 ഹെക്ടറിലും കൃഷി ചെയ്യാനുദ്ദേശിക്കുന്നു.

(ഡി) 1990-91 വർഷത്തിൽ 780225 തൈകളും 1991-92-ൽ 937005 തൈകളും.

LIBRARY ARCHIVES Kerala Legislative Assembly